എം.എൽ.എ. മാർക്ക് സ്പെഷ്യൽ ഫണ്ടായി അനുവദിച്ച തുക ചെലവഴിക്കുന്നതിന് സമയപരിധി

177(1434) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് പുനരുദ്ധാരണത്തിനായി എം.എൽ.എ.മാർക്ക് സ്പെഷ്യൽ ഫണ്ടായി അനുവദിച്ച 25 ലക്ഷം രൂപ ചെലവഴിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ എന്നുവരെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) റോഡ് പുനരുദ്ധാരണത്തിനായി എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ഓരോ എം.എൽ.എ.യ്ക്കും അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിച്ച് നിർവ്വഹിക്കുന്നതിന് തെരഞ്ഞെടുത്ത റോഡ് പണികൾക്കുള്ള ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പുറപ്പെടുവിക്കണം.

നിലവിലുള്ള ചട്ടപ്രകാരം ടി ഫണ്ട് വിനിയോഗിച്ച് ചെയ്യാൻ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് 30 ദിവസത്തിനുള്ളിൽ ഭരണാനുമതി നൽകേണ്ടതും 25 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഭരണാനുമതി ലഭിച്ച് 6 മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകിയ തുക

178(1435) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസർക്കാർ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി എത്ര തുക നൽകി ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര തുക ചെലവഴിക്കാൻ സാധിച്ചു; ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ കേന്ദ്ര പ്ലാൻ പദ്ധതികൾക്കുള്ള ഗ്രാന്റുകൾ കേന്ദ്ര ആവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ എന്നീയിനങ്ങളിലായി ലഭിച്ച കേന്ദ്ര സഹായത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു: ഈ കാലയളവിൽ വായ്പായിനത്തിൽ 6.15 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly